കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1986 മാർച്ച് 24, തിങ്കൾ

വാല്യം LXVI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 1986 മാർച്ച് 24-ാം തീയതി തിങ്കളാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ബാലവാടി അദ്ധ്യാപകരുടെ ശമ്പളക്കുടിശ്ശിക

* 91 [96] ശ്രീ. സി. എഫ്. തോമസ് :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. എം. വി. രാഘവൻ :
,, കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബാലവാടി അദ്ധ്യാപകർക്ക് ശമ്പള അലവൻസ് കുടിശ്ശികയിനത്തിൽ 28-2-1986 വരെ എന്തു നൽകാനുണ്ട് ;

(ബി) ഈ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ ആവശ്യം മുൻനിർത്തി സംസ്ഥാനത്തെ ബാലവാടി അദ്ധ്യാപകർ സമരത്തിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) സംസ്ഥാനത്തെ ബാലവാടി അദ്ധ്യാപകർക്കും കൺവീനർമാർക്കുംകൂടി 28-2-1986 വരെ 15,32,233 രൂപ അലവൻസ് കുടിശ്ശിക നൽകാനുണ്ട്.

(ബി) ബാലവാടി അദ്ധ്യാപകരുടെ അലവൻസ് കുടിശ്ശിക നൽകുന്നതിനും ഫീഡിംഗ് സെന്ററുകളുടെ നടത്തിപ്പിനുമായി 30 ലക്ഷം രൂപ ജില്ലാ കളക്ടർമാരെ 25-1-1986-ൽ ഏൽപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശമ്പളക്കുടിശ്ശിക അനുവദിക്കണമെന്ന ആവശ്യം മുൻനിർത്തി മാർച്ച് 10, 11, 12 തീയതികളിൽ ബാലവാടി അദ്ധ്യാപക പ്രതിനിധികളും സെക്രട്ടേറിയറ്റ് പടിക്കൽ നിരാഹാരസത്യാഗ്രഹം നടത്തിയ വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ് : ജില്ലാകളക്ടർമാരെ ഏൽപ്പിച്ചിരുന്ന തുക മുഴുവൻ വിതരണം ചെയ്തതായിട്ട് ഗവൺമെൻറിന് അറിയാമോ ?

ശ്രീ. പി. കെ. വേലായുധൻ : 31-3-1986-നു മുമ്പായി വിതരണം ചെയ്യണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്.

ശ്രീ. സി. എഫ്. തോമസ് : ഇവരുടെ കുറഞ്ഞ അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഇപ്പോൾ എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളവർക്ക് 175 രൂപയും പാസ്സാകാത്തവർക്ക് 125 രൂപയുമാണ്, കൊടുക്കുന്നത്. 1-10-1985 മുതൽ അംഗനവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനുമുള്ള അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ട്. ആ തീയതിമുതൽ ബാലവാടി അദ്ധ്യാപകർക്കും ഫീഡിംഗ് സെൻറർ കൺവീനർമാർക്കും അലവൻസ് വർദ്ധിപ്പിക്കണമെന്ന കാര്യം ഗവൺമെൻറ് പരിഗണിച്ചുവരുകയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : 30 ലക്ഷം രൂപ അനുവദിച്ചുവെന്ന് മന്ത്രി ഇവിടെ പറഞ്ഞു. വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ടിനുവേണ്ടി സാമൂഹ്യ വികസനവകുപ്പിന് കിട്ടിയിട്ടുള്ള സംഖ്യയിൽനിന്നാണ് ഈ തുക അലോട്ട് ചെയ്തിട്ടുള്ളതെന്ന് പറയുന്നത് ശരിയാണോ ?

ശ്രീ. പി. കെ. വേലായുധൻ : ബാലവാടി അദ്ധ്യാപികമാർക്കും കൺവീനർമാർക്കും ഗവൺമെൻറ് നേരിട്ട് അലവൻസ് നൽകുന്നില്ല. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിനും മാതൃശിശുസംരക്ഷണ പ്രവർത്തനങ്ങൾക്കും ലഭ്യമായ തുക മഹിളാസമാജങ്ങളുടെ മാനേജ്മെൻറ് പ്രവർത്തനങ്ങൾക്കുവേണ്ടി നൽകുന്ന ഗ്രാൻറാണ്. മാനേജ്മെൻറ് എന്നു പറഞ്ഞാൽ കെയറിൽനിന്നു കിട്ടുന്ന വിഭവങ്ങൾ പാകംചെയ്തു കൊടുക്കുവാനുള്ള ചെലവ്, വിറക് വാങ്ങിക്കാൻ വേണ്ടിയുള്ള തുക, നടത്തിപ്പിനുവേണ്ടിയുള്ള തുക എന്നിവയെല്ലാം അടങ്ങുന്നതാണ്. ഈ കൊടുക്കുന്ന തുക മഹിളാസമാജങ്ങളാണ് ബാലവാടി അദ്ധ്യാപികമാർക്ക് നൽകുന്നത്. ഗവൺമെൻറ് നേരിട്ട് അലവൻസ് കൊടുക്കുന്നില്ല. ഇത് മഹിളാസമാജങ്ങൾക്ക് ഗ്രാൻറായിട്ട് കൊടുക്കുന്നതാണ്. അതിൽനിന്നാണ് മഹിളാസമാജങ്ങൾ വിവിധ ബാലവാടികളുടെ ഫീഡിംഗ് സെൻററുകൾക്ക് മാനേജുമെൻറിന്റെ ഭാഗമായി ഉപയോഗപ്പെടുത്തുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ : ഞാൻ ചോദിച്ചത് അതല്ല. ഈ 30 ലക്ഷം രൂപ ഏത് ഹെഡ്ഡിൽനിന്നാണ് അലോട്ട് ചെയ്തതെന്നാണ് ; വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് സാമൂഹ്യവികസന വകുപ്പിന് അലോട്ട് ചെയ്ത സംഖ്യയിൽ നിന്നാണോ ഈ തുക അനുവദിച്ചതെന്നാണ്, എനിക്ക് അറിയേണ്ടത് ?

ശ്രീ. പി. കെ. വേലായുധൻ : ഈ 30 ലക്ഷം രൂപ കഴിഞ്ഞ വെള്ളപ്പൊക്ക ബുദ്ധിമുട്ടുണ്ടായപ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ച തുകയാണ്. ആ തുക മഹിളാസമാജങ്ങളുടെ പ്രവർത്തനത്തിനും ഫീഡിംഗ് സെൻററുകളുടെയും സി. പി. ഡബ്ളിയു. സെൻററുകളുടെയും മാനേജ്മെൻറിനുവേണ്ടിയുള്ളതാണ്. ബാലവാടി അദ്ധ്യാപകർക്ക് പ്രത്യേകമായി ഗവൺമെൻറ് നേരിട്ട് അലവൻസ് കൊടുക്കുന്നില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : ഈ സംഖ്യ 31-3-1986-ന് മുമ്പ് വിതരണം ചെയ്യണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇന്നലെവരെ കളക്ടേഴ്സ് ഈ സംഖ്യ ഒരിടത്തും ഡിസ്ബേഴ്സ് ചെയ്തിട്ടില്ല എന്നാണറിവ്. ഗവൺമെൻറിൻെറ ഒരു സർക്കുലറനുസരിച്ച് 26-3-1986-നു മുമ്പ് ഈ വർഷത്തെ പേയ്മെൻറ് ബില്ലുകളും മുഴുവൻ ട്രഷറിയിൽ ഹാജരാക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 28-ാം തീയതി കഴിഞ്ഞാലും 31-ാം തീയതിക്കകം ഈ സംഖ്യ കിട്ടുമോ ; അതോ ഈ 26-ാം തീയതി എന്നുള്ള റെസ്ട്രിക്ഷനിൽ ഇത് കിട്ടാതെ പോകുമോ ; അതിന് വല്ല ഉറപ്പും ഉണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : മഹിളാസമാജങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഗ്രാൻറ് അവർക്ക് കിട്ടാതെ പോകുകയില്ല. അങ്ങനെ ഒരവസ്ഥ ഉണ്ടാകുകയില്ല ; അതിനുള്ള നടപടി എടുക്കാം.

ശ്രീ. കെ. പി. പ്രഭാകരൻ : ഈ 26-ാം തീയതിക്കുമുമ്പ് ട്രഷറിയിൽ പേയ്മെൻറ് ബില്ലുകൾ ഹാജരാക്കണമെന്നാണ് ഗവൺമെൻറ് നിർദ്ദേശം. അതിൽനിന്ന് മഹിളാസമാജങ്ങൾക്ക് ഒഴിവൊന്നുമില്ല. ഇന്നലെവരെ കൊടുത്തിട്ടില്ല. ഇന്ന് തീയതി 24 ആണ്. 26-ാം തീയതിയെന്നുള്ള റെസ്ട്രിക്ഷനിൽനിന്നും ഇതിനെ ഒഴിവാക്കാനായിട്ട് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ? അല്ലെങ്കിൽ കാശൊന്നും കിട്ടുകയില്ല.

ശ്രീ. പി. കെ. വേലായുധൻ : അങ്ങനെ ഒരു ബുദ്ധിമുട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോഴാണ്. ഇന്നുതന്നെ അതിനുവേണ്ട നടപടി സ്വീകരിക്കാം.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി കേന്ദ്ര ഗവൺമെൻറ് അനുവദിച്ച തുക ഈ മാസം 31-ാം തീയതിക്കകം കൊടുത്തുതീർക്കണം. 30 ലക്ഷം രൂപ കുടിശ്ശിക കൊടുക്കാനുണ്ട്, അത് കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. അത് ഈ ദിവസത്തിനകം വിതരണം ചെയ്യാൻ കഴിയുമോ ; ഈ കുടിശ്ശിക നൽകുന്നതിനുവേണ്ടി ഗവൺമെൻറ് എന്തു നടപടിയാണ് അടുത്തതായി സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നത് ?

ശ്രീ. പി. കെ. വേലായുധൻ : ഇവിടെനിന്ന് 26-1-1986-ലാണ് ഓർഡർ കൊടുത്തിട്ടുള്ളത്. ഗവൺമെൻറിൻെറ അറിവനുസരിച്ച് ജില്ലാ കളക്ടർമാർ അതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ഇന്നുതന്നെ അതിനുവേണ്ട നിർദ്ദേശം കൊടുക്കാം, വേണ്ട നടപടി സ്വീകരിക്കാം.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല ; അത് കിട്ടാനും പോകുന്നില്ല. ആലപ്പുഴ ജില്ലയിൽ ഐ. സി. ഡി. എസ്. ആയി കൺവെർട്ട് ചെയ്തിട്ടുള്ള ബ്ലോക്കുകളിലെ ബാലവാടികളും കൺവെർട്ട് ചെയ്ത് സെൻററുകളാക്കിയില്ല. അത്തരം ബാലവാടികളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തകർക്ക്, വർഷങ്ങളായി 10-ം 20-ം 25-ം വർഷങ്ങളും ജോലി ചെയ്തിട്ടുള്ള കൺവീനർമാർക്ക് അലവൻസ് കിട്ടുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിൽ എന്തെങ്കിലും പ്രത്യേക സംവിധാനം ഈ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : 909 സെന്ററുകളാണുള്ളത്. I. C. D. S. ഉള്ള ബ്ലോക്കുകളിലാണ് ഈ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളത്. ആയിരം പോപ്പുലേഷനു ഒരു അംഗനവാടി എന്ന നിലയിൽ കണക്കിലെടുത്തുകൊണ്ട് ജനറൽ സെന്റർ പ്രോജക്ടുകളിലും സ്റ്റേറ്റ് സെന്റർ പ്രോജക്ടുകളിലുമായി ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി 756 പുതിയ അംഗനവാടികൾ ഐ. സി. ഡബ്ലിയു. സി. യുള്ള ബ്ലോക്കുകളിൽ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പി. പി. തങ്കച്ചൻ : ഐ. സി. ഡി. എസുമായി ഇൻറഗ്രേറ് ചെയ്തപ്പോൾ എത്ര പുതിയ അംഗനവാടികൾ ആരംഭിച്ചു ; അത് ഏതൊക്കെ ബ്ലോക്കുകളിലാണ് ; അതിന്റെ മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. കെ. വേലായുധൻ : അതാണ് ഞാൻ പറഞ്ഞത് ഐ. സി. ഡി. എസുമായിട്ട് സി. പി. ഡബ്ലിയു. സി. ഇൻറഗ്രേറ് ചെയ്തപ്പോൾ നമുക്ക് പുതിയതായി 756 അംഗനവാടികൾ ആരംഭിക്കേണ്ടിവന്നിട്ടുണ്ട്. സ്റ്റേറ്റിൽ നോൺ ഐ. സി. ഡി. എസ്. ബ്ലോക്കുകളിലായി ആകെ ഇപ്പോൾ 1798 സി. പി. ഡബ്ലിയു. എസ്. സെന്ററുകളും 4011 ഫീഡിംഗ് സെന്ററുകളുമുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : വർഷാവർഷം ഇവർക്ക് കൊടുക്കേണ്ട അലവൻസാണ് ഇത്. എങ്ങനെയാണെങ്കിലും ഇപ്പോൾ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായിട്ട് കിട്ടിയ തുകയിൽനിന്നു കൊടുത്തു. അതില്ലായിരുന്നുവെങ്കിൽ ഇവർക്കു കൊടുക്കാൻ കഴിയില്ല. എന്തുകൊണ്ടാണ് ഇവർക്ക് വർഷാവർഷം കൊടുക്കേണ്ടുന്ന അലവൻസിനുവേണ്ടിയുള്ള തുക ബഡ്ജറിൽ ഉൾപ്പെടുത്താതെ പോയത് ; ഇപ്പോൾ 30 ലക്ഷം രൂപ കൊടുത്തുകഴിഞ്ഞാൽ ബാക്കി ഇനി ഇവർക്ക് എത്ര തുക കൊടുക്കാനുണ്ട് ?

ശ്രീ. പി. കെ. വേലായുധൻ : ബഡ്ജറിൽ ഉൾപ്പെടുത്തിയിരുന്ന തുക 1985 ഡിസംബർ 31 വരെ 10,000 രൂപയായിരുന്നു. അത് ഡിസ്ബേഴ്സ് ചെയ്തിട്ടുണ്ട്. 1984-85-ൽ കുടിശ്ശികയുണ്ടായിരുന്നത് കൊടുത്തുതീർക്കേണ്ടിവന്നതുകൊണ്ടാണ് പിന്നെവന്ന അഞ്ചാറുമാസങ്ങളിൽ മഹിളാസമാജങ്ങളെ ആ ഗ്രാന്റ് ഏൽപ്പിക്കാൻ കഴിയാതെ പോയത്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇത് പുതിയ ബാദ്ധ്യത അല്ല. കഴിഞ്ഞ നാലഞ്ചുമാസക്കാലമായി ഗവൺമെന്റ് ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ മുൻകൂട്ടി അറിയാവുന്ന ഒരു സംഖ്യ എന്തുകൊണ്ട് ബഡ്ജറിൽ ഉൾപ്പെടുത്തിയില്ല ; അങ്ങനെയാണോ എല്ലാ ഡിപ്പാർട്ടുമെൻറിലും കാര്യങ്ങൾ നടക്കുന്നത് എന്നറിയാൻവേണ്ടിയാണ് ?

ശ്രീ. പി. കെ. വേലായുധൻ : ബഡ്ജറിൽ ഉൾപ്പെടുത്താതിരുന്നതല്ല. നമ്മുടെ ഫീഡിംഗ് പ്രോഗ്രാംസ് എല്ലാംതന്നെ ഇൻറഗ്രേറ് ചെയ്യണമെന്ന ഒരു നടപടിയുണ്ടായപ്പോൾ അത് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly

വരികയാണ് ചെയ്തത്. പക്ഷേ ഗവൺമെൻറ് ഡവലപ്പ്മെൻറിന്റെ ആവശ്യത്തിനുവേണ്ടി പ്രത്യേകമായി നൽകിയ തുകയാണ് നമ്മൾ ഡിസംബർ 31 വരെയുള്ള ആവശ്യത്തിന് ഉപയോഗിക്കുന്നത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ബാലവാടികൾക്കും മറ്റും കൊടുത്തിരുന്ന കെയർ സംഘടനയുടെ സഹായങ്ങൾ നിർത്തലാക്കാൻ പോകുന്നു എന്നുള്ള പരാതി വന്നിട്ടുണ്ട്. കെയർ സംഘടന നൽകുന്ന സഹായങ്ങൾ തീർച്ചയായും നമ്മുടെ ബാലവാടികൾക്ക് അത്യന്താപേക്ഷിതമായതിനാൽ അതു തുടർന്ന് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ഗവൺമെൻറിന് എന്തെങ്കിലും നടപടിയെടുക്കാൻ കഴിയുമോ ?

ശ്രീ. പി. കെ. വേലായുധൻ : കേന്ദ്ര സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറ് ജോയിൻറ് സെക്രട്ടറി മി. ദയാൽ നമ്മുടെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിന് ഒരു ലറർ അയച്ചിരുന്നു. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള അംഗനവാടികളുടെ പ്രവർത്തനത്തിന് കെയറിന്റെ അസിസ്റ്റൻസും വേൾഡ് ഫുഡ് പ്രോഗ്രാംസിന്റെ അസിസ്റ്റൻസുമാണ് കിട്ടുന്നത്. അത് ഇൻറഗ്രേറ്റ് ചെയ്തുകൊണ്ട് വേൾഡ് ഫുഡ് പ്രോഗ്രാം നടപ്പാക്കുന്നതിനുവേണ്ടി കെയർ വിത്ത്ഡ്രാ ചെയ്യാൻ താൽപ്പര്യപ്പെടുന്നു എന്നു കാണിച്ച് കേന്ദ്ര സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറ് മിനിസ്ട്രിയിൽനിന്ന് നമ്മുടെ സ്റ്റേറ്റ് ഗവൺമെൻറിനു ലറർ കിട്ടിയിരുന്നു. വികസന ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഏതാണ്ട് പത്തരക്കോടി രൂപയുടെ സഹായങ്ങൾ കെയറിൽനിന്ന് കിട്ടുന്നുണ്ട്. ആ സഹായം ഒരു കാരണവശാലും നിർത്തരുത് എന്ന് കാണിച്ചുകൊണ്ട് ഇതിന്റെ ചുമതല വഹിക്കുന്ന കേന്ദ്രമന്ത്രിക്ക് ഞാൻ പ്രത്യേകമായി കത്ത് എഴുതിയിട്ടുണ്ട്. അതിന്റെ റെസ്പോൺസ് അറിയാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. സി. കെ. ചക്രപാണി : അന്തിക്കാട് ബ്ലോക്കിൽ 12 ബാലവാടി പ്രവർത്തകരെ സ്ത്രീകളടക്കം പിരിച്ചുവിട്ടിട്ടുണ്ട്. അങ്ങനെ പിരിച്ചു വിട്ടതിനെതിരായി അവിടത്തെ പ്രവർത്തകർ ബഹുമാനപ്പെട്ട മന്ത്രിയെക്കണ്ട് നിവേദനം നൽകി. അങ്ങേക്കും താൽപ്പര്യമുള്ള ഒരു വിഷയമാണ്. മന്ത്രി ഉടൻതന്നെ സ്റ്റേറ ചെയ്തു. പക്ഷേ ഉദ്യോഗസ്ഥൻമാർ കൂട്ടാക്കിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഉത്തരവിട്ട ആ ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : ആ സ്റ്റേറ ഇപ്പോൾ നിലവിലില്ല. പക്ഷേ ആയിരം പോപ്പുലേഷനു് ഒരു അംഗനവാടി എന്ന തത്വം എടുത്തു നോക്കുമ്പോൾ അന്തിക്കാട് ബ്ലോക്കിൽ നമുക്ക് അഡീഷണലായി ഒരു അംഗനവാടി മാത്രമേ ഈ ഇൻറഗ്രേഷന്റെ ഫലമായി തുടങ്ങാൻ കഴിഞ്ഞിട്ടുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അംഗനവാടികളും ബാലവാടികളും തമ്മിൽ ഇൻറഗ്രേറ്റ് ചെയ്യുന്നതിനെപ്പറ്റി സൂചിപ്പിച്ചു. ആലപ്പുഴ ജില്ലയിൽ ഇങ്ങനെ ഇൻറഗ്രേറ്റ് ചെയ്തതിന്റെ ഫലമായി വളരെ വർഷങ്ങളായി ബാലവാടി ടീച്ചേഴ്സായി ജോലി നോക്കിക്കൊണ്ടിരുന്നവരെ അംഗനവാടികൾ അബ്സോർബ് ചെയ്തിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ ഒൻപത് ബാലവാടി കെട്ടിടങ്ങൾ വിട്ടു കൊടുക്കാത്തതുകൊണ്ട് അവരെ അംഗനവാടികളിലേക്ക് അബ്സോർബ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ ഈ പ്രത്യേക നിബന്ധനകളും ഒഴിവാക്കിക്കൊണ്ട് അവരെക്കൂടി അബ്സോർബ് ചെയ്യാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഹരിപ്പാട് ബ്ലോക്കിൽ ഈ ഇൻറഗ്രേഷനെ തുടർന്ന് പുതുതായി 13 അംഗനവാടികളും തുറന്നിട്ടുണ്ട്. കൂടുതലായി കേന്ദ്രഗവൺമെന്റിന്റെ സഹായം കിട്ടുന്നതനുസരിച്ച് നമുക്ക് കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

ശ്രീ. പി. സി. ജോർജ് : അംഗനവാടി ടീച്ചേഴ്സിന്റെ ദുരിതം പരിഗണിച്ച് കേന്ദ്ര ദുരിതാശ്വാസ ഫണ്ടിൽനിന്ന് പണം മഹിളാസമാജങ്ങൾക്ക് കൊടുത്തു എന്നാണ് ഇവിടെ പറഞ്ഞത്. എന്റെ സംശയം ഇതാണ്, കേന്ദ്ര ഫ്ളഡ് റിലീഫ് ഫണ്ട് എങ്ങനെ ചെലവഴിക്കണമെന്നതിന് ചില ഡയറക്ഷൻസ് കേന്ദ്രഗവൺമെന്റ് നൽകിയിട്ടുണ്ട്. അങ്ങനെയാണെങ്കിൽ കേന്ദ്രം നൽകിയിട്ടുള്ള നോംസിന് വിരുദ്ധമല്ലേ ഇവർക്ക് ശമ്പളമോ അലവൻസോ കൊടുക്കാൻ ഈ പണം ഉപയോഗിക്കുന്നത് ? അതോ നിയമവിധേയമായിട്ടു മാത്രമാണോ ഇങ്ങനെ പണം ചെലവഴിക്കുന്നത് ?

ശ്രീ. പി. കെ. വേലായുധൻ : നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല.

ശ്രീ. എസ്. ആർ. തങ്കരാജ് : ഇക്കഴിഞ്ഞ അഞ്ചാറ് മാസക്കാലമായിട്ടാണ് ബാലവാടികളുടെ പ്രവർത്തനത്തെ സംബന്ധിച്ച സ്തംഭനാവസ്ഥയും മറ്റ് പ്രശ്നങ്ങളും ഉണ്ടായിട്ടുള്ളത്. ഇവിടെ മന്ത്രി ഇൻറഗ്രേഷനെ സംബന്ധിച്ച് പറഞ്ഞ പ്രശ്നമനുസരിച്ച് അങ്ങനെ വന്നതിനു ശേഷമാണോ അതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക മറ്റ് കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുകയും ഇത് ആരും ഏറെടുക്കാൻ ഇല്ലാത്ത ഒരു സാഹചര്യത്തിൽ ഇതിന് നീക്കിവച്ച തുക ദുർവിനിയോഗം ചെയ്തതിന്റെ അടിസ്ഥാനത്തിലുമാണോ ഇങ്ങനെ ഉണ്ടായിട്ടുള്ളത്? ദുരിതാശ്വാസ ഫണ്ടിലേക്കുള്ള തുക എങ്ങനെ ചെലവഴിക്കണമെന്നതിന് ചില നോംസൊക്കെയുണ്ട്. ആ നോംസ് എന്താണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഇതിൽ യാതൊരു വിധത്തിലുമുള്ള ഒരു മിസ് അപ്രോപ്രിയേഷനോ അല്ലെങ്കിൽ ദുരുപയോഗപ്പെടുത്തലോ ഉണ്ടായിട്ടില്ല. കേന്ദ്രഗവൺമെന്റ് ഇതിനെ സംബന്ധിച്ച് നൽകിയിട്ടുള്ള നിബന്ധനകളെ അടിസ്ഥാനപ്പെടുത്തി മാത്രമേ ചെയ്തിട്ടുള്ളൂ. വെള്ളപ്പൊക്കം ഉണ്ടാകുന്ന അവസരത്തിൽ മാൽന്യൂട്രീഷൻ തുടങ്ങിയ കാര്യങ്ങളുണ്ട്. പോഷകാഹാരവിതരണം നടക്കുമ്പോൾ അതിനാവശ്യമായ വിറക് വാങ്ങിക്കണം, റമറീരിയൽസ് ട്രാൻസ്പോർട്ട് ചെയ്യണം തുടങ്ങി നിരവധി കാര്യങ്ങളുണ്ട്. ആ വക കാര്യങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ട്രാൻസ്പോർട്ടേഷനുതന്നെ 12 ലക്ഷത്തി ഇരുപത്തയ്യായിരത്തി എഴുനൂറൻപത് രൂപ വേണം. അലവൻസ്, ബാലവാടികളുടെ സംരക്ഷണ ചെലവ്, വെള്ളപൂശൽ തുടങ്ങിയ കാര്യങ്ങളെല്ലാം വേണം. അങ്ങനെ വിവിധ ഇനങ്ങളിലായി ഇരുപത്തേഴ് ലക്ഷത്തി അൻപത്തിയെണ്ണായിരത്തി പതിമൂന്നു രൂപയേ ഈ ആവശ്യത്തിനുവേണ്ടി ഡിസംബർ 31 വരെ ആവശ്യമുള്ളൂ. അത് സഫിഷ്യൻറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : വളരെ വർഷങ്ങളായി ജോലി ചെയ്തുവരുന്ന പല ബാലവാടി ടീച്ചേഴ്സിനും അംഗനവാടി ടീച്ചർമാരുടെ വിദ്യാഭ്യാസയോഗ്യതയില്ല എന്ന പേരിൽ ജോലി നഷ്ടപ്പെടുന്നു എന്ന് ബാലവാടി ടീച്ചേഴ്സിന്റെ പരാതിയുണ്ട്. ആ കാര്യത്തിൽ ഗവൺമെന്റ് അന്തിമമായി എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : ബാലവാടിയും അംഗനവാടിയുമായി സംയോജിപ്പിച്ച സന്ദർഭത്തിൽ 54 ഐ. സി. ഡി. എസ്. ബ്ലോക്കുകളിലാണ് ഈ പ്രശ്നം ഉണ്ടായത്. ഇവിടെ പ്രസ്താവിച്ചപോലെ 909 ബാലവാടി ടീച്ചർമാരെ അംഗനവാടി ടീച്ചർമാരായി മാറേണ്ടതുണ്ട്. അവരുടെ വിദ്യാഭ്യാസ യോഗ്യതയെല്ലാം ഒരു ഹൈ പവർ കമ്മിറ്റി പരിശോധിച്ച് അവരെ എടുക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. അവർക്ക് പൂർണ്ണമായും പരിശീലനം നൽകുന്നതിനും 909 പേരെ 54 ബ്ലോക്കുകളിലായി എടുക്കുന്നതിനുമുള്ള സംവിധാനമുണ്ട്. അതിനുള്ള എല്ലാ തീരുമാനവുമായിട്ടുണ്ട്. അവരുടെ വിദ്യാഭ്യാസപരമായിട്ടുള്ള മാനദണ്ഡം നമ്മുടെ മുമ്പിലുണ്ട്. കേന്ദ്രഗവൺമെന്റിന്റേതായ നോംസ് അനുസരിച്ച് അവ പരിശോധിച്ച് ആവശ്യമായ വിട്ടുവീഴ്ചകൾ ചെയ്തുകൊടുക്കുന്നതിനുള്ള തീരുമാനമാണ് ഗവൺമെന്റിന്റെ മുമ്പിലുള്ളത്.

ശ്രീ. കെ. പി. രാമൻ : ഐ. സി. ഡി. എസിന്റെ കീഴിൽ ഇന്ന് ജോലി ചെയ്യുന്ന അംഗനവാടി വർക്കർമാരിൽനിന്ന് കാളിഫൈഡായിട്ടുള്ളവരെ എ. എൻ. എം. എസ്. ആക്കുന്നതിനുവേണ്ടിയുള്ള ഒരു സ്കീം ഉണ്ടെന്നാണ് അറിയാൻ സാധിച്ചത്. ഈ ബ്ലോക്കിലുള്ള ബാലവാടി ടീച്ചർമാരെ ഇക്കാര്യത്തിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുമോ ?

ശ്രീമതി എം. കമലം : ഐ. സി. ഡി. എസിലുള്ള അംഗനവാടി വർക്കർമാരെ എ. എൻ. എം. എസ്. ആക്കിയെടുക്കാനുള്ള നിർദ്ദേശമില്ല. അത് തെറ്റിദ്ധരിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : വെള്ളപ്പൊക്കത്തിന്റെ ഫലമായി കഷ്ടപ്പെടുന്ന ആളുകൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി 30 ലക്ഷം രൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചത് ഈ ഗവൺമെന്റ് ഖജനാവ് കാലിയാക്കിയതുകൊണ്ട് പാവപ്പെട്ടവർക്ക് ആഹാരത്തിനും മറ്റ് കാര്യങ്ങൾക്കും കൊടുക്കേണ്ട കാശ് ദുർവിനിയോഗം ചെയ്യുകയല്ലേ ചെയ്യുന്നത് ? ഇത്തരം അധാർമ്മികമായ നടപടികൾ ആവർത്തിക്കാതിരിക്കാൻ മേലിലെങ്കിലും ശ്രദ്ധിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഞാൻ ഇതു നേരത്തെ ആവർത്തിച്ചു പറഞ്ഞതാണ്. ഇതിനകത്ത് യാതൊരു ദുർവിനിയോഗവും ഉണ്ടായിട്ടില്ല. ഇത് മഹിളാ സമാജങ്ങൾക്ക് കൊടുക്കുന്ന ഗ്രാന്റാണ്. കേന്ദ്രത്തിൽനിന്ന് തരുന്ന വിഭവങ്ങൾ പാകം ചെയ്യാനും കൊടുക്കുവാനുമാവശ്യമായ ട്രാൻസ്പോർട്ടേഷൻ ചാർജ് തുടങ്ങി വിവിധ ഇനങ്ങൾ ഇതിനകത്തുൾപ്പെടും. ആ ഇനങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കുന്നത്. അലവൻസായിട്ട് ഗവൺമെന്റ് ഒരിക്കലും നേരിട്ട് ബാലവാടി അദ്ധ്യാപകർക്ക് കൊടുക്കുന്നില്ല. ബാലവാടി അദ്ധ്യാപകർ എന്നു പറയുന്നത് മഹിളാ സമാജങ്ങൾ നിയമിക്കുന്ന ആളുകളാണ്. ഗവൺമെന്റുമായി അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

അപ്പോയിൻറ്മെൻറിനോ മറേതെങ്കിലും തരത്തിലുള്ള നിയമനകാര്യങ്ങളിലോ ഒന്നും യാതൊരു ബന്ധവുമില്ല. ഗവൺമെൻറ് നേരിട്ട് ഈ കാര്യത്തിൽ അവർക്കായി പ്രത്യേക പരിഗണന കൊടുക്കുന്നില്ല.

ശ്രീ. വി. ദിനകരൻ : ബാലവാടികളും അംഗനവാടികളുമായി സംയോജിപ്പിച്ച അവസരത്തിൽ ബാലവാടികളുടെ കൺവീനർമാരെ അംഗനവാടികളിലെ ഹെൽപ്പർമാരായി അംഗീകരിക്കുകയുണ്ടായി. എന്നാൽ പ്രായാധിക്യം മൂലം അംഗനവാടി ഹെൽപ്പർമാരായി തുടരുവാൻ സാധിക്കാത്ത സ്ത്രീകളുണ്ട്. അവരുടെ മുൻകാല സേവനം പരിഗണിച്ച് അവർ നിർദ്ദേശിക്കുന്ന അവരുടെ അടുത്ത ബന്ധുക്കളെ ഹെൽപ്പർമാരായി അംഗീകരിച്ചുകൊണ്ട് മുന്നോട്ടു പോകാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ശ്രീമതി എം. കമലം : അവരെ ഹെൽപ്പർമാരായി എടുക്കാനുള്ള ഒരു നിർദ്ദേശം ഗവൺമെൻറിൻെറ മുമ്പിലുണ്ട്. 45 വയസാണ് അതിന് പരിധി നിശ്ചയിച്ചിട്ടുള്ളത്. അത് 50 വയസുവരെ പോകാമെന്നുള്ളതാണ് ഗവൺമെൻറിൻെറ അഭിപ്രായം. 50 വയസ്സുവരെയുള്ള ആളുകൾക്ക് ആരോഗ്യമുണ്ടെങ്കിൽ ഇങ്ങനെ തുടരാവുന്നതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : ബാലവാടികളും അംഗനവാടികളും ലയിപ്പിച്ചതുകൊണ്ടാണ് രണ്ടു മന്ത്രിമാർ ഉത്തരം പറയേണ്ടിവന്നത്. ഇത് ഒരു മന്ത്രി കൈകാര്യം ചെയ്താൽ പോരേ എന്നു സംശയമുണ്ട്. അട്ടപ്പാടിയിലുള്ള പുഷ്പ, നാച്ചിയമ്മ എന്നീ അംഗനവാടി വർക്കർമാരെ പിരിച്ചുവിടാൻ പ്രോജക്ട് ഓഫീസർ നോട്ടീസ് കൊടുത്തിരിക്കുകയാണ്. നാല് വർഷമായി അവർ അവിടെ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ വേതനം പറ്റി വർക്ക് ചെയ്യുന്ന പാവപ്പെട്ട വർക്കർമാരെ പിരിച്ചുവിടാൻ പ്രത്യേക നടപടികളും ഉണ്ടോ ; അത് ആരുടെയെങ്കിലും പ്രേരണയുടെ ഫലമാണോ ?

ശ്രീമതി എം. കമലം : അംഗനവാടികളിലെ വർക്കർമാരെ പിരിച്ചുവിടേണ്ടിവന്ന ഒറപ്പെട്ട സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ആയിരം പോപ്പുലേഷനു ഒരു സെൻറർ എന്ന തോതിലാണെങ്കിലും 1981-ലെ ജനസംഖ്യാ കണക്ക് അനുസരിച്ച് 700 പേർക്ക് ഒരു യൂണിറ്റ് എന്ന തോതിൽ നമുക്ക് തുടങ്ങാവുന്നതാണ്. അട്ടപ്പാടി ബ്ലോക്കിൽ ഇങ്ങനെയൊരു സംവേമുണ്ടെങ്കിൽ 700 പേർക്ക് ഒരു അംഗൻവാടി യൂണിറ്റ് എന്ന നിലയിൽ വർദ്ധിപ്പിച്ച് ഇവരെ തിരിച്ച് എടുക്കും. അവരെ പിരിച്ചുവിടുന്ന പ്രശ്നമില്ല ; അവരെ തിരിച്ചെടുക്കും. അങ്ങനെയുണ്ടായിട്ടുണ്ടെങ്കിൽ ഗവൺമെൻറ് അത് പരിഹരിക്കുന്നതാണ്.

ശ്രീ. ജി. വരദൻ : சர், தேவிகுளம் தாலுகாவில் 32 அங்கனவாடி டீச்சர்சை பிரித்துவிடப்பட்டுள்ளது. அவர்கள் எல்லோரும் டிரெயினிங் கழிந்தவர்கள். அவர்களில் ஹரிஜனங்கள்தான் அதிகமாக உள்ளனர். அவர்களை திருப்பி வேலையில் எடுப்பதற்கு தேவையான நடவடிக்கைகளை எடுக்கப்படுமா ?

ശ്രീമതി എം. കമലം : ഐ. സി. ഡി. എസ്. ബ്ലോക്കുകളിൽ 32 പേരെ പിരിച്ചുവിട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly